പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4906 05.02.2014 – ൽ മറുപടിക്ക്

**'ശ്രുതി തരംഗം' പദ്ധതി**

ചോദ്യം

ശ്രീമതി കെ.എസ്. സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളുടെ നടത്തിപ്പിനായി നിയോഗിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ എത്ര ഒഴിവ് നിലവിലുണ്ട് ; തസ്തിക തിരിച്ച് വ്യക്തമാക്കുമോ ; | (എ) | സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുവേണ്ടി സാമൂഹ്യ സുരക്ഷാ മിഷനിൽ അനുവദിച്ചിട്ടുള്ള ചുവടെ പറയുന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.<br><br>തസ്തിക — ഒഴിവുകളുടെ എണ്ണം<br>പ്രോഗ്രാം കോർഡിനേറ്റർ — 3<br>റീജിയണൽ ഡയറക്ടർ — 1<br>അസിസ്റ്റന്റ് ഡയറക്ടർ — 1<br>ജൂനിയർ അക്കൗണ്ട്സ് ഓഫീസർ — 1<br>അസിസ്റ്റന്റ് — 7<br>ഡാറ്റ എൻട്രി ഓപ്പറേറ്റർ /ടൈപ്പിസ്റ്റ് — 2<br>പ്യൂൺ — 3 |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷം അനുവദിച്ച തുക എത്ര ; ലഭിച്ച കേന്ദ്ര സഹായം എത്ര ; ഇവയിൽ 2013 ഡിസംബർ 31 വരെ എന്ത് തുക ചെലവായി ; എത്ര തുക ചെലവാക്കാൻ ബാക്കിയുണ്ട് വ്യക്തമാക്കുമോ ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | സാമൂഹ്യ സുരക്ഷാ മിഷൻ വഴി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന 'ശ്രുതി തരംഗം' പദ്ധതിയായ കോക്ലിയർ ഇംപ്ലാന്റ് ചികിത്സ മൂലം | (സി) | ശ്രുതി തരംഗം പദ്ധതിയിലൂടെ 315 കുട്ടികൾക്ക് സർജറി നടത്തുവാനുള്ള അലോട്ട്മെന്റ് ലിസ്റ്റ് വിവിധ എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾക്ക് നൽകി സർജറികൾ പൂർത്തീകരിച്ചു വരുന്നു. നാളിതുവരെ 278 സർജറികൾ പൂർത്തീ |

| | | | |
|---|---|---|---|
| | എത്ര കുട്ടികളുടെ ചികിത്സ നാളിതുവരെ നടന്നു ; ആയതിനെ ചെലവഴിച്ച തുക എത്ര : | | കരിച്ചു. 27 സർജറികൾ കൂടി പൂർത്തീകരിക്കു വാനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന് നാളിതുവരെ 12,38,20,421/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 11,84,40,721/- രൂപ ഇംപ്ലാന്റുകൾക്കായും 42,90,000- രൂപ ആഡിയോ വെർബൽ ഹബിലിറ്റേഷനായും 10,89,700/- രൂപ പബ്ലിസിറ്റി, പ്രിന്റിംഗ്, സ്പീച്ച് തെറാപ്പിസ്റ്റുകളുടെ ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കുമായാണ് ചെലവഴിച്ചത്. |
| (ഡി) | ഇത്തരം കുട്ടികളുടെ തുടർ ചികിത്സ എപ്രകാരം നടത്തി വരുന്നു ; വിശദമാക്കുമോ ; | (ഡി) | കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പൂർത്തിയാക്കിയ കുട്ടികളുടെ തുടർ ചികിത്സയുടെ ഭാഗമായി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിയോ വെർബൽ ഹബിലിറ്റേഷനുള്ള സൗകര്യവും വിവിധ എംപാനൽഡ് ആശുപത്രികൾ മുഖേന നൽകി വരുന്നുണ്ട്. സർജറി കഴിഞ്ഞ് മാപ്പിംഗിന് ശേഷം കുട്ടികൾക്ക് ആഡിയോ വെർബൽ ഹബിലിറ്റേഷനായി ഘട്ടം ഘട്ടമായി **50,000/-** രൂപ ആശുപത്രികൾക്ക് നൽകുകയാണ് ചെയ്യുന്നത്.<br>കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് ആഡിയോ വെർബൽ ഹബിലിറ്റേഷനു വേണ്ടി സ്പീച്ച് തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യ മാക്കിയിട്ടുണ്ട്. |
| (ഇ) | ഇത്തരത്തിൽ ഓരോ വർഷവും എത്ര കുട്ടികളെ ചികിത്സിക്കാനാണ് മിഷൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (ഇ) | ഓരോ വർഷവും 200 കുട്ടികൾക്ക് പദ്ധതി ആനുകൂല്യം ലഭ്യമാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് |
| (എഫ്) | സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന ശ്രുതി തരംഗം പദ്ധതിയിൽ സ്റ്റോർ പർച്ചേയ്സ് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ ടെൻഡർ ഒഴിവാക്കി ഏതെല്ലാം സ്വകാര്യ കമ്പനികളിൽ നിന്നും എത്ര കോക്ലിയർ ഇംപ്ലാന്റ് വാങ്ങി ; എന്ത് തുക ഇതിനായി ചെലവാക്കി ; വ്യക്തമാക്കുമോ ? | (എഫ്) | അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ലൂർ ; കോക്ലിയാർ മെഡിക്കൽ ഡിവൈസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, മുംബൈ എന്നീ കമ്പനികളിൽനിന്നാണ് കോക്ലിയർ ഇംപ്ലാന്റുകൾ വാങ്ങിയത്. ശ്രുതി തരംഗം പദ്ധതി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെയും സാമൂഹ്യ നീതി വകുപ്പിന്റേയും സംയുക്ത സംരംഭമായി നടപ്പിലാക്കി വരുന്നു.<br>നാളിതുവരെ കോക്ലിയർ മെഡിക്കൽ ഡിവൈസ് കമ്പനിയിൽ നിന്നും 156 ഇംപ്ലാന്റുകളും അഡ്വാൻസ്ഡ് ബയോണിക്സ് കമ്പനിയിൽ നിന്നും 157 ഇംപ്ലാന്റുകളും |

| | | | |
|---|---|---|---|
| | | | വാങ്ങിയിട്ടുണ്ട്. ഇതിനായി നാളിതുവരെ 11,84,40,721 /- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ജി) | ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമ വിധേയമല്ലാത്ത പ്രസ്തുത വാങ്ങൽ സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (ജി) | 21.04.2012 ലെ സ.ഉ. (സാധാ) നമ്പർ 217/2012/ സാക്ഷേവ പ്രകാരം ഇംപ്ലാൻറ് കമ്പനികളിൽ നിന്ന് ഇംപ്ലാന്റുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2013-14 – ൽ ശ്രുതി തരംഗം പദ്ധതിയുടെ തുടർ നടത്തിപ്പിനായി 07.10.2013 ലെ സ.ഉ.(എം.എസ്.) നമ്പർ 81/2013/സാനീവ പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | പദ്ധതിയുടെ പേര് | 2013-14 സാമ്പത്തിക ബഡ്ജറ്റ് വിഹിതം | 2013-14 വർഷത്തെ കേന്ദ്ര വിഹിതം | 31/12/2013 വരെ ചെലവഴിച്ച തുക | ചെലവാക്കാൻ ബാക്കിയുള്ള തുക (31/12/2013 -ലെ കണക്ക് പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ആശ്വാസകിരണം | 2000 ലക്ഷം | - | 2921.58 ലക്ഷം | - | 921.58 ലക്ഷം രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. |
| 2. | സ്നേഹസ്പർശം | 100 ലക്ഷം | - | 130.22 ലക്ഷം | - | 30.22 ലക്ഷം രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. |
| 3. | സ്നേഹ സാന്ത്വനം പാക്കേജ് | 1285 ലക്ഷം | - | 676.09 ലക്ഷം | 608.91 ലക്ഷം | |
| 4. | താലോലം | 600 ലക്ഷം | - | 580 ലക്ഷം | 20 ലക്ഷം | |
| 5. | ക്യാൻസർ സുരക്ഷ | 600 ലക്ഷം | - | 457 ലക്ഷം | 143 ലക്ഷം | |
| 6. | വയോമിത്രം | 500 ലക്ഷം | - | 349.26 ലക്ഷം | 150.74 ലക്ഷം | |
| 7. | വിശപ്പ് രഹിത നഗരം | 140 ലക്ഷം | - | 186.57 ലക്ഷം | - | 46.57 ലക്ഷം രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. |
| 8. | ശ്രുതിതരംഗം | 500 ലക്ഷം | 500 ലക്ഷം (ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് അനുവദിച്ച് ലഭിച്ചിട്ടില്ല) | 297.19 ലക്ഷം | 202.81 ലക്ഷം* | |
| 9. | സ്നേഹപൂർവ്വം | 225 ലക്ഷം | - | 234.54 ലക്ഷം | - | 9.54 ലക്ഷം രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. |
| 10. | വൈകല്യനിർണ്ണയ സർട്ടിഫിക്കേഷൻ ക്യാമ്പ് | 100 ലക്ഷം | - | 30.77 ലക്ഷം | 69.23 ലക്ഷം | |
| 11. | സാമൂഹ്യക്ഷേമ സ്ഥാപന ങ്ങളിൽ മൾട്ടിടാസ്ക് കെയർ പ്രൊവൈഡറെ നിയോഗിക്കുന്ന പദ്ധതി | 150 ലക്ഷം | - | 32.52 ലക്ഷം | 117.48 ലക്ഷം | |

| | | | | | | |
|---|---|---|---|---|---|---|
| 12. | സമാശ്വാസം | 315 ലക്ഷം (SDG യിലൂടെ വകയിരുത്തിയിട്ടുണ്ടെങ്കിലും അനുവദിച്ച് ലഭിച്ചിട്ടില്ല) | – | 92.93 ലക്ഷം | 222.07 ലക്ഷം | |

സെക്ഷൻ ഓഫീസർ